**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1220** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിൽ കായിക വകുപ്പ് മുഖാന്തരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് വകുപ്പ് മുഖാന്തരം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ വിശദാംശം, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (ബി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| നം | പദ്ധതിയുടെ പേര് | അനുവദിച്ച തുക | നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി | 10.00 കോടി | സ്പോർട്സ് കേരള ഫൗണ്ടേഷൻ | 13.02.2017 ലെ ഉത്തരവ് പ്രകാരം 10.00 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പട്ടാമ്പി മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയത്തിന്റെ ഭരണാനുമതിയുടെ കാലാവധി കാലഹരണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 19.06.2025 തീയ്യതിയിൽ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. 23.07.2025 തീയ്യതിയിൽ കിഫ്ബിയിൽ നിന്നും 9.94 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാ |

| | | | |
|---|---|---|---|
| | | | റാക്കി ടെക്ക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. (പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.) |

2. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന 5 പ്രവൃത്തികൾ കൂടി പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

| നം | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | മുതുതല ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം | മുതുതല ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി ബഹു. പട്ടാമ്പി നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് വിഹിതമായി 01.07.2025 തീയ്യതിയിലെ പാലക്കാട് ജില്ലാ കളക്ടറുടെ നടപടി ക്രമം നം. എൽ.എസ്.ജി.ഡി/ജെ.ഡി/പി.കെ.ഡി/2792/2025 -സി3 പ്രകാരം 50.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.<br>23.07.2025 തീയതിയിൽ കായിക വകുപ്പ് ഡയറക്ടർ എ3-1865/25/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതിയും നൽകിയിരുന്നു.<br>93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത ദർഘാസിൽ യോഗ്യത നേടിയ കരാറുകാരിൽ വച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. ഇ.കെ. അബ്ദുൾസലാം, പാലക്കാട് എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 6 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി |
| 2. | കൊപ്പം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം | ടി പ്രവൃത്തിയുടെ സമഗ്ര ഭരണാനുമതിക്കായുള്ള 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 29.08.2025 തീയ്യതിയിൽ |

| | | |
|---|---|---|
| | | കായിക യുവജനകാര്യാലയം ഡയറക്ടർക്കും, പാലക്കാട് ജില്ലാ കളക്ടർക്കും സമർപ്പിച്ചിട്ടുണ്ട്. |
| 3 | വിളയൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം | 19.03.2025 തീയ്യതിയിലെ പാലക്കാട് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ കത്ത് പ്രകാരം പ്രസ്തുത പദ്ധതിക്കായി 50 ലക്ഷം രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്കായി തിരഞ്ഞെടുത്ത സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്തതിനാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. |
| 4 | വല്ലപ്പുഴ പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണം | സ.ഉ(സാധാ) നം.220/2025/കാ.യു.വ 27.08.2025 തീയ്യതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി എം.എൽ.എ ഫണ്ട് അനുവദിച്ച് കൊണ്ട് ബഹു. എം.എൽ.എയു ടേയോ ജില്ലാ കളക്ടറുടേയോ കത്ത് ലഭിക്കേണ്ടതുണ്ട്. |
| 5 | കല്ലുക്കല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണം | സ.ഉ(സാധാ) നം.220/2025/കാ.യു.വ 27.08.2025 തീയ്യതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി എം.എൽ.എ ഫണ്ട് അനുവദിച്ച് കൊണ്ട് ബഹു. എം.എൽ.എയു ടേയോ ജില്ലാ കളക്ടറുടേയോ കത്ത് ലഭിക്കേണ്ടതുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ